**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 351** **23-06-2026-ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത്
ശ്രീ. നീലകണ്ഠൻ
ശ്രീ. സന്ദീപ് വാര്യർ
ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; സൈബർ മേഖലയിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സൈബർ പട്രോളിംഗിനൊപ്പം അത്യാധുനിക സൈബർ ഡിവിഷൻ ആരംഭിക്കുന്നതിനും 25.01.2024 തീയതിയിലെ G.O. (Ms) No.04/2024/Home പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി 466 തസ്തികകൾ ടെലിഫോൺ/ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും കേരളാ സിവിൽ പോലീസ് വിഭാഗത്തിൽ നിന്നും പുനർവിന്യാസം നടത്തിയിട്ടുണ്ട്.

സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും Mule account കൾ ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും "CY-HUNT Operation" എന്ന പേരിലും തട്ടിപ്പിലൂടെ നഷ്ടപ്പെട്ട തുക തിരിച്ച് പിടിക്കുന്നതിലേക്കായി ചെക്ക്, ATM വഴി തട്ടിപ്പ് നടത്തിയ പണം പിൻവലിക്കുന്നവരെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യുന്നതിലേക്കുമായി സ്പെഷ്യൽ ഡ്രൈവുകൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. കൂടാതെ സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ വെബ് സൈറ്റുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്യുന്നു. National Cyber crime Reporting portal -ൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ് സൈറ്റുകൾ അനലൈസ് ചെയ്ത് അതിനു സമാനമായ വ്യാജ വെബ് സൈറ്റുകൾ /ആപ്ലിക്കേഷൻ കണ്ടെത്തി നീക്കം ചെയ്തു വരുകയും ചെയ്യുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമായേക്കാവുന്ന പരസ്യങ്ങളും പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്ലാറ്റ്ഫോമുകളിൽ നിന്നും നീക്കുകയും ചെയ്യുന്നു. RBI അംഗീകൃത NBFC ക്ക് കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി ബ്ലോക്ക് ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ OCWC (Online crime against women and children) പോർട്ടൽ വഴി ലഭിക്കുന്ന RAPE pornography/GANG RAPE (RGR) pornography സംബന്ധിച്ചുള്ള പരാതികൾ യഥാസമയം പരിശോധിച്ചനടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം ഇത്തരം തട്ടിപ്പുകൾ തടയുന്നതിലേക്കായി ശ്രവ്യ, ദൃശ്യ മാധ്യമങ്ങൾ, നവ മീഡിയ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണം നടത്തി വരുന്നു.

**(ബി)** സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സൈബർ കുറ്റകൃത്യങ്ങൾ/ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ കൈകാര്യം ചെയ്യാൻ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. കൂടാതെ പോലീസിന്റെ പരിശീലന കാലയളവിൽ തന്നെ പോലീസ് ട്രെയിനികൾക്ക് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം നടത്തുന്നതിലേക്കാവശ്യമായ പരിശീലനവും അത്യാധുനിക സൈബർ ടൂളുകൾ (Cyber Investigation Tools) കൈകാര്യം ചെയ്യുന്നതിലേക്കാവശ്യമായ പരിശീലനവും നൽകി വരുന്നു.

കൂടാതെ ഉയർന്ന വൈദഗ്ദ്ധ്യമുള്ള കരാർ അധിഷ്ഠിത സാങ്കേതിക മനുഷ്യശേഷി നൂതന ഗവേഷണ ശേഷികൾ, ഇന്റലിജൻസ് അധിഷ്ഠിത ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് സൈബർ ഗവേഷണ & വിശകലന വിഭാഗം (RAW) ശക്തിപ്പെടുത്തുന്നതിലേക്കുമായി ഫണ്ട് അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**(സി)** സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നിയമപരിഷ്കാരങ്ങൾ നടപ്പിലാക്കുമോ; കുട്ടികളുടെ സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കുന്നതിന് സൈബർ പോലീസ് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ?

**<u>മറുപടി:</u>** അധ്യാപകർ, മാതാപിതാക്കൾ, കുട്ടികൾ എന്നിവരിൽ സൈബർ സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി കേരള പോലീസ് നടത്തി വരുന്ന സൈബർ സുരക്ഷാ ബോധവത്കരണമാണ് 'കിഡ് ഗ്ലൗവ്'. സൈബർ മേഖലയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി കുട്ടികളുടെ ലൈംഗിക ചിത്രങ്ങളും വീഡിയോകളും പ്രചരിപ്പിക്കുന്നവരേയും മറ്റും കണ്ടെത്തുന്നതിലേയ്ക്കായി Counter Child Sexual Exploitation Centre (CCSE Centre) എന്ന യൂണിറ്റ് സൈബർ ഓപ്പറേഷൻസ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ടി യൂണിറ്റിന്റെ പ്രവർത്തന ഫലമായി ഇത്തരത്തിൽ കുട്ടികൾക്ക് ഏതിരെ സൈബർ മേഖലയിൽ ലൈംഗിക കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനായി കേരള സംസ്ഥാനത്തിലുടനീളം "Operation P-Hunt" എന്ന പേരിൽ റെയ്ഡുകൾ നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**